വകുപ്പ് പത്രക്കുറിപ്പ് ഇറക്കി ഇവിടെ വാർത്താമാദ്ധ്യമങ്ങൾക്ക് നൽകി. ശിവഗിരി റിപ്പോർട്ട് കിട്ടിയിട്ട് മാസം നാല് കഴിഞ്ഞിട്ടും ഇന്നേവരെ ഗവൺമെന്റ് പ്രസ്സിൽനിന്നും ആവശ്യമുള്ള കോപ്പികൾ അച്ചടിച്ച് കിട്ടിയില്ലയെന്നുള്ള ഒരു ന്യായം പറഞ്ഞുകൊണ്ട് അസംബ്ലിയിൽ സമർപ്പിക്കുന്നതിൽ നിന്നും ഗവൺമെന്റ് ഒഴിഞ്ഞുമാറുകയാണ്. ഒരേ കമ്മീഷൻ റിപ്പോർട്ടുകളെ സംബന്ധിച്ച് ഈ നിലയിലുള്ള ഒരു ഇരട്ടത്താപ്പ് സമീപനം സ്വീകരിക്കുന്നതിന്റെ ന്യായം മനസ്സിലാകുന്നില്ല. ശിവഗിരി റിപ്പോർട്ട് അസംബ്ലിയിൽ സമർപ്പിക്കുന്നതിന് ഇത്ര മാത്രം താമസം ഉണ്ടാകുന്നതിന്റെ കാരണമെന്തെന്ന് മനസ്സിലാകുന്നില്ല. അസംബ്ലി സമ്മേളനം അവസാനിക്കാൻ പോകുകയാണ്. ഈ അസംബ്ലി സമ്മേളനം അവസാനിക്കാൻ ഇനി ഏതാനും ദിവസങ്ങൾ മാത്രമേയുള്ളൂ. 29-ാം തീയതി ഈ നിയമസഭാ സമ്മേളനം അവസാനിക്കുന്നതിന് മുമ്പായി ശിവഗിരിയിലുണ്ടായ സംഭവം സംബന്ധിച്ചുള്ള ജസ്റ്റീസ് ഭാസ്കരൻ നമ്പ്യാരുടെ അന്വേഷണ കമ്മീഷൻ റിപ്പോർട്ട് നിയമസഭയുടെ മുൻപിൽ സമർപ്പിക്കണമെന്നാണ് എനിക്ക് മുഖ്യമന്ത്രിയോട് അഭ്യർത്ഥിക്കാനുള്ളത്.

മുഖ്യമന്ത്രി (ശ്രീ. ഇ. കെ. നായനാർ) : സർ, ശിവഗിരി സംഭവങ്ങളെ സംബന്ധിച്ച് അന്വേഷിച്ച ജസ്റ്റീസ് ഭാസ്കരൻ നമ്പ്യാർ കമ്മീഷൻ സമർപ്പിച്ച റിപ്പോർട്ട് ഗവൺമെന്റിന്റെ പരിഗണനയിലാണ്. റിപ്പോർട്ടിന്മേൽ ഗവൺമെന്റ് സ്വീകരിച്ച നടപടികൾ സംബന്ധിച്ച കുറിപ്പുകളോടെ പ്രസ്തുത കമ്മീഷൻ റിപ്പോർട്ട് ഈ സമ്മേളനത്തിൽ തന്നെ സഭയുടെ മേശപ്പുറത്തുവയ്ക്കുന്നതാണ്.

(2) കോളേജുകളിൽ സ്വതന്ത്രമായ വിദ്യാർത്ഥി സംഘടനാപ്രവർത്തനം

ശ്രീ. ജി. കാർത്തികേയൻ : സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെയും സഭയുടെയും മുൻപിൽ വളരെ പ്രധാനപ്പെട്ട ഒരു കാര്യം അവതരിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. ഒരു നൂറ്റാണ്ട് പിന്നിടുകയാണ്. നമ്മൾ പുതിയ നൂറ്റാണ്ടിനെ സഹസ്രാബ്ദത്തെ വരവേൽക്കാൻ നില്ക്കുകയാണ്. പോകുന്ന നൂറ്റാണ്ടിൽ പ്രധാനമായും മനുഷ്യരാശികൾക്ക് കിട്ടിയ പ്രധാനപ്പെട്ട നേട്ടം സംഘടിക്കാനും പ്രവർത്തിക്കാനും ചിന്തിക്കാനുമുള്ള സ്വാതന്ത്ര്യമാണ്. ആ സ്വാതന്ത്ര്യം ഈ നൂറ്റാണ്ട് പിന്നിടുമ്പോൾ കേരളത്തിൽ മിക്കവാറുമുള്ള കോളേജുകളിൽ ഇന്നില്ല എന്നുള്ള വളരെ ഗുരുതരമായ അവസ്ഥ ഈ സഭയുടെ മുൻപിൽ ഞാൻ അവതരിപ്പിക്കുന്നു. കോടികൾ മുടക്കി മാനവീയം ആഘോഷിക്കുമ്പോൾ, ഈ നൂറ്റാണ്ടിന് വിടപറയുമ്പോൾ നാം സമരം ചെയ്ത് നേടിയെടുത്ത ജനാധിപത്യ സ്വാതന്ത്ര്യവും സംഘടിക്കുവാനുള്ള സ്വാതന്ത്ര്യവും ചുരുക്കം ചില കോളേജുകളിലെങ്കിലും ഇന്ന് ഈ കേരളത്തിൽ, നമ്മുടെ സംസ്ഥാനത്ത് നഷ്ടമായിരിക്കുന്നുവെന്നുള്ള ഗുരുതരമായ അവസ്ഥയെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ഭരണകക്ഷിയും കാണുമെന്ന് ഞാൻ കരുതുന്നു. തിരുവനന്തപുരത്തും വേറെ ചില കോളേജുകളിലും സംഘടനാപരമായ ദൗർബല്യം ഞങ്ങളുടെ വിദ്യാർത്ഥി പ്രസ്ഥാനങ്ങൾക്കുണ്ട്. വളരെ പ്രഭാവത്തോടുകൂടി നിന്നിരിക്കുന്ന ഞങ്ങളുടെ പഴയ സംഘടനകൾക്ക് കെ. എസ്.യു. ഉൾപ്പെടെ, ഇന്ന് അത്ര ശക്തിയില്ലായെന്ന് സമ്മതിച്ചുകൊണ്ടുതന്നെ പറയട്ടെ, തിരുവനന്തപുരം

LIBRARY ARCHIVES Kerala Legislative Assembly

യൂണിവേഴ്സിറ്റി കോളേജ്, സംസ്കൃത കോളേജ്, ആയുർവേദ കോളേജ്, ആർട്ട്സ് കോളേജ് തുടങ്ങിയ സ്ഥലങ്ങളിൽ എസ്.എഫ്.ഐ. അല്ലാതെ മറ്റ് വിദ്യാർത്ഥി പ്രസ്ഥാനങ്ങൾക്ക് പ്രവർത്തിക്കുവാൻ കഴിയുന്നില്ല. സംഘടിതമായ മസിൽ പവറിനേയും പോലീസ് സഹായത്തേയും നേരിടുവാനുള്ള രാഷ്ട്രീയ സംസ്ക്കാരം ഞങ്ങൾക്കില്ല. തിരുവനന്തപുരം എം. ജി. കോളേജിലെ കാര്യം ബഹുമാനപ്പെട്ട കടകംപള്ളി സുരേന്ദ്രൻ വളരെ വികാരവായ്പോടുകൂടി സമ്മതിച്ചിരുന്നു. അവിടെ എ. ബി. വി. പി.യാണ്. എം.ജി. കോളേജിൽ രണ്ടു വർഷം മുൻപ് എസ്. എഫ്. ഐ.ക്കാർക്ക് മാത്രമേ ശ്വാസം വിടാൻ അനുവാദമുണ്ടായിരുന്നുള്ളൂ. അത് മാറിവന്നു. തിരുവനന്തപുരത്തു ഞാൻ പറഞ്ഞ കോളേജുകളിലൊക്കെ വിദ്യാർത്ഥികൾക്ക് പ്രവർത്തിക്കുവാൻ കഴിയുന്നില്ല. ഇവിടെ ചാടുന്ന എ.ഐ.എസ്. എഫ്.ന്റെ ആളുകളുടെ നാല് എല്ല് എസ്. എഫ്. ഐ. ക്കാർ തല്ലി ഒടിച്ചിട്ട് ഇന്നും അവർ ആശുപത്രിയിലാണ്. പഴയ എ.ഐ.എസ്.എഫ് നേതാക്കന്മാർ ചാടി എഴുന്നേൽക്കുമല്ലോ, എ.ഐ.എ സ്.എഫിന് യൂണിറ്റ് ഇല്ല. വിദ്യാർത്ഥികളുടെ പിന്തുണയോടുകൂടി നിങ്ങൾ മത്സരിച്ച് വിജയിച്ചുകൊള്ളുക, പക്ഷേ മറ്റ് വിദ്യാർത്ഥി പ്രസ്ഥാനങ്ങൾക്ക് പ്രവർത്തിക്കുവാൻ കഴിയുന്നില്ല. കൊല്ലത്ത് സമരം നടക്കുന്നു, വിഷയം മാറ്റുന്നതിനു വേണ്ടിയല്ല ഞാൻ പറഞ്ഞത്, തെരഞ്ഞെടുക്കപ്പെട്ട കോളേജ് യൂണിയൻ ചെയർമാൻ.....

മി. സ്പീക്കർ : ഇവിടെ എഴുതി തന്നതിനെപ്പറ്റി പറഞ്ഞാൽ മതി.

ശ്രീ. ജി. കാർത്തികേയൻ : ചെയർമാൻ കൊല്ലം എസ്.എൻ. കോളേജിൽ സത്യപ്രതിജ്ഞ ചെയ്തിട്ടില്ല. കെ.എസ്.യു.ക്കാരൻ ആയതുകൊണ്ട്. എം.എം. സജീവ് കുമാർ എന്നുപറയുന്ന 366 വോട്ടിന് ജയിച്ച കോളേജ് യൂണിയൻ ചെയർമാൻ, നിങ്ങൾക്ക് സ്വാധീനമുള്ള കൊല്ലം എസ്.എൻ. കോളേജിൽ ഇതേവരെ സത്യപ്രതിജ്ഞ ചെയ്തിട്ടില്ല, ഇത് ഞാൻ പറഞ്ഞുവെന്നേയുള്ളൂ. അങ്ങ് കേരളത്തിന്റെ മുഖ്യമന്ത്രിയും ആഭ്യന്തര വകുപ്പുമന്ത്രിയുമാണ്. സ്വാധീനമുള്ളിടത്ത് സ്വാധീനമുള്ള വിദ്യാർത്ഥി പ്രസ്ഥാനം വിജയിച്ചു കൊള്ളട്ടെ. പക്ഷേ മുഷ്ക് കൊണ്ടും പ്രാദേശികമായ മറ്റ് സംഘടനാപരമായ ശക്തികൊണ്ടും തല്ക്കാലം മറ്റവർക്ക് കൊടുക്കാൻ പറ്റിയ അവസ്ഥയെ മുതലെടുത്തുകൊണ്ട് മറ്റ് വിദ്യാർത്ഥി പ്രസ്ഥാനങ്ങൾക്ക് പ്രവർത്തിക്കുവാൻ കഴിയാത്ത ഒരവസ്ഥ കേരളത്തിലെ കോളേജുകളിൽ നിലനില്ക്കുന്നത് ഈ നൂറ്റാണ്ടിന്റെ അവസാനം സ്വാതന്ത്ര്യത്തിനുവേണ്ടി ഗീതം പാടി ആളെ കൊല്ലുന്ന നേതൃത്വം കൊടുക്കുന്ന ഈ പാർട്ടിക്കും ഗവൺമെന്റിനും അപമാനമാണെന്ന് ഞാൻ പറയുന്നു. അതുകൊണ്ട് കേരളത്തിലെ കോളേജുകളിൽ മറ്റ് സംഘടന കൾക്കും മറ്റ് വിദ്യാർത്ഥി പ്രസ്ഥാനങ്ങൾക്കും പ്രവർത്തിക്കുവാൻ കഴിയുന്ന ഒരു സാഹചര്യമുണ്ടാക്കണം. ഞാൻ അങ്ങയോട് ഇത് പറയാൻ കാരണം അങ്ങ് കേരളത്തിലെ മുഖ്യമന്ത്രിയും ആഭ്യന്തരമന്ത്രിയും, ഭരിക്കുന്ന കക്ഷിയുടെ നേതാവുമായതുകൊണ്ടാണ്. അങ്ങയുടെ സഹകരണം ഉണ്ടാകണം. ഈ സഭയ്ക്കകത്തിരിക്കുന്ന, വിദ്യാർത്ഥി രംഗത്തു കൂടി കടന്നുവന്ന എല്ലാ മേഖലകളിലെ നേതാക്കന്മാരുടെയും സഹകരണമുണ്ടാകണമെന്ന് അഭ്യർത്ഥിച്ചു കൊണ്ട് ഞാൻ നിറുത്തുന്നു.

LIBRARY ARCHIVES Kerala Legislative Assembly

മുഖ്യമന്ത്രി (ശ്രീ. ഇ. കെ. നായനാർ) : സ്പീക്കർ സർ, ഇവിടെ ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞിരിക്കുന്നത് പല കോളേജുകളിലും എന്നാണ്. പല കോളേജുകളെപ്പറ്റി പറയുവാനുള്ള അവകാശം റൂൾ 304 അനുസരിച്ചില്ല. റൂൾസ് 304 എന്താണ് ? സ്പീക്കർ സർ, റൂൾ 304 'A member, who wishes to bring to the notice of the Assembly any matter which is not a point of order, shall give notice to the Secretary in writing stating briefly the point which he wishes to raise it,... ഇത് ഇവിടത്തെ പല കോളേജുകളിലൊന്നാണ്, അത് ഇവിടെ സമ്മതമില്ല, one point അത് ഞാൻ പറയാം, പക്ഷേ പ്രശ്നം പല കോളേജാണ്.

മി. സ്പീക്കർ : ഇവിടത്തെ പ്രസംഗങ്ങൾ ഒന്നും നമ്മൾ നോക്കേണ്ട കാര്യമില്ല, പ്രസംഗങ്ങളിൽ വരുന്ന കാര്യങ്ങൾ ആരും പരിഗണിക്കേണ്ടതില്ല, നോട്ടീസിലുള്ള കാര്യം മാത്രം നോക്കിയാൽ മതി.

ശ്രീ. ഇ. കെ. നായനാർ : അതേ പറയൂ, മറ്റൊന്നും ഞാൻ പറയുകയില്ല ...in the Assembly together with reasons for wishing to raise it... ആ ഒറ്റ പോയിന്റ്. റൂൾ 304-നകത്ത് ആ ഒറ്റ പോയിന്റേയുള്ളൂ. ഒരൊറ്റ പോയിന്റ്. ആ ഒരു പോയിന്റ് ഞാൻ പറയാം.

മി. സ്പീക്കർ : അതുമാത്രം മതി.

ശ്രീ. ഇ. കെ. നായനാർ : അതേ പറയൂ.

മി. സ്പീക്കർ : അതേ പറയാവൂ.

ശ്രീ. ഇ. കെ. നായനാർ : മറ്റേതൊന്നും ഞാൻ പറയില്ല. അതായത് എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളിലും വിദ്യാർത്ഥികൾക്ക് സംഘടനാ സ്വാതന്ത്ര്യം അനുവദിച്ചിട്ടുണ്ട്. കോളേജ് യൂണിയൻ, യൂണിവേഴ്സിറ്റി യൂണിയൻ തുടങ്ങിയവ പൊതുവേദിയിൽ കാര്യമായി പ്രവർത്തിക്കുന്നുണ്ട്. വിദ്യാർത്ഥി സംഘടനകളുടെ പ്രവർത്തനങ്ങൾക്കിടയിൽ ചില കോളേജുകളിൽ തർക്കങ്ങളും സംഘട്ടനങ്ങളും നടക്കുന്ന പരാതികൾ ലഭിക്കാറുണ്ട്. പരാതികൾ ലഭിക്കുന്ന മുറയ്ക്ക് പോലീസ് നടപടികൾ സ്വീകരിക്കാറുണ്ട്. ഇവിടെ എം. ജി. കോളേജിൽ എസ്.എഫ്.ഐ., എ.ബി.വി.പി. വിദ്യാർത്ഥി സംഘടനകൾ തമ്മിലുണ്ടായ സംഘട്ടനം സംബന്ധിച്ച് കിട്ടിയ രണ്ട് പരാതികളിന്മേൽ നടപടി സ്വീകരിച്ചിട്ടുണ്ട്. ആ ഒരൊറ്റ പോയിന്റേയുള്ളൂ.....(ബഹളം).....

ശ്രീ. ആര്യാടൻ മുഹമ്മദ് : സർ, ...(ബഹളം).....പ്രതിപക്ഷനേതാവിന് മൈക്ക്...

മി. സ്പീക്കർ : മൈക്കു കൊടുക്കും. അതിന് ആരുടേയും റെക്കമെന്റേഷനൊന്നും വേണ്ട. കൊടുത്തിട്ടുണ്ട്. അത് പറയേണ്ട കാര്യമൊന്നുമില്ല. പറയേണ്ട കാര്യമില്ല. അങ്ങനെയൊരു ഭരണത്തിന്റെ ആവശ്യമൊന്നുമില്ല. പ്രതിപക്ഷ നേതാവ് എണീറ്റാൽ മൈക്കു കൊടുക്കും. കൊടുത്തിട്ടുണ്ട്. അതിന് ശ്രീ. ആര്യാടൻ മുഹമ്മദിന്റെ ശുപാർശ വേണ്ട. മറ്റാരുടേയും ശുപാർശ വേണ്ട.

LIBRARY ARCHIVES Kerala Legislative Assembly

അത് നോക്കാൻ ചെയർ ബാദ്ധ്യസ്ഥനാണ്. പറയേണ്ട കാര്യമില്ല. ആവശ്യമില്ലാതെ പറയേണ്ട കാര്യമില്ല. ...(ബഹളം)...പ്രതിപക്ഷ നേതാവ് എണീറ്റാൽ മൈക്കു കൊടുക്കും. കൊടുത്തിരിക്കും. കൊടുത്തിട്ടുണ്ട്. കൊടുക്കുകയും ചെയ്യും. അതിന് ആരുടേയും റെക്കമെന്റേഷന്റെ ആവശ്യമില്ല. ചൂണ്ടിക്കാണിക്കേണ്ട കാര്യവുമില്ല.

പ്രതിപക്ഷ നേതാവ് (ശ്രീ. എ. കെ. ആന്റണി) : സർ, ഇവിടെ എം. ജി. കോളേജിലെ പ്രശ്നം നേരത്തെ സബ്മിഷനായി ഉന്നയിച്ചത് ശ്രീമാൻ കടകമ്പള്ളി സരേന്ദ്രനാണ്. അതിനെക്കുറിച്ച് നേരത്തെ മുഖ്യമന്ത്രി മറുപടി പറഞ്ഞുകഴിഞ്ഞു. ഇന്ന് ബഹുമാനപ്പെട്ട ജി. കാർത്തികേയൻ സബ്മിഷൻ അവതരിപ്പിച്ചപ്പോൾ സൂചിപ്പിച്ചത് തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജിനെക്കുറിച്ചും സംസ്കൃത കോളേജിനെക്കുറിച്ചും ആർട്സ് കോളേജിനെ കുറിച്ചുമാണ്. അതിന് മുഖ്യമന്ത്രിയുടെ ഭാഗത്തുനിന്നും ഒരു വരി മറുപടി പറഞ്ഞിട്ടില്ല.

ശ്രീ. ഇ. കെ. നായനാർ : 304-ാം വകുപ്പു പ്രകാരം ഒറ്റ പോയിന്റ്. മറ്റൊന്നും പറയില്ല.

ശ്രീ. എ. കെ. ആന്റണി : സബ്മിഷന് മറുപടി പറയില്ലേ ?

ശ്രീ. ഇ. കെ. നായനാർ : ഇല്ല, ഇല്ല, കാസ്റ്റ്യനില്ല. സ്പീക്കർ സമ്മതിക്കണം.....(ബഹളം)....

ശ്രീ. എ. കെ. ആന്റണി : സബ്മിഷന് മറുപടി പറയില്ലേ ?.....(ബഹളം)..... എന്താ സാർ ഇത് ? ഇതിന്റെ അർത്ഥം എന്താണ് ? സബ്മിഷന് മറുപടി പറയില്ലെന്നോ ? ഇതിന്റെ അർത്ഥം എന്താണ് ?

മി. സ്പീക്കർ : അത് സബ്മിഷന്റെ ഒരു നോട്ടീസ് കൊടുത്ത് ഉന്നയിക്കുന്ന കാര്യമാണ്. അതിൽപ്പെട്ട കാര്യങ്ങൾക്ക് മറുപടി പറഞ്ഞോ, ഇല്ലയോ എന്ന് ചെയർ പരിശോധിച്ച് പറയാം. .....(ബഹളം)..... പറയും. പറയാൻ ബാദ്ധ്യസ്ഥനാണല്ലോ. നോട്ടീസിലുള്ള കാര്യങ്ങൾക്ക് മറുപടി പറയും. നോട്ടീസിലുള്ള കാര്യങ്ങൾക്കേ മറുപടി പറയൂ. അതും ഞാൻ അടിവരയിട്ടു പറയുകയാണ്. ഇതു രണ്ടും ചെയ്യും. അത് പരിശോധിച്ച് ചെയർ പറയാം. ചെയർ നോട്ടീസ് പരിശോധിച്ചിട്ട് പറയാം.

ശ്രീ. ഇ. കെ. നായനാർ : എം. ജി. കോളേജ് മാത്രം. ശ്രീ. എ. കെ. ആന്റണി ഇത് വായിച്ച് നോക്ക്.

ശ്രീ. എ. കെ. ആന്റണി : ഞാൻ അങ്ങയുടെ റൂളിംഗിനെ ചോദ്യം ചെയ്യുന്നില്ല. ഏതായാലും ശ്രീ. ജി. കാർത്തികേയന്റെ സബ്മിഷൻ, തിരുവനന്തപുരം നഗരത്തിലെ ചില കോളേജുകളിൽ നടക്കുന്ന പ്രശ്നങ്ങളെക്കുറിച്ചാണ്. യൂണിവേഴ്സിറ്റി കോളേജിനെക്കുറിച്ചും സംസ്കൃത കോളേജിനെക്കുറിച്ചും മുഖ്യമന്ത്രി മറുപടി പറയാതിരുന്നാൽ മുഖ്യമന്ത്രിക്കും ഗവൺമെന്റിനുമാണ് അപമാനം. ഈ അസംബ്ലിയെ അപമാനിച്ചിരിക്കുകയാണ്. ഞങ്ങൾക്കൊന്നുമില്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഈ സഭയെ അവഹേളിച്ചിരിക്കുകയാണ്. ഞങ്ങൾക്കൊന്നും പറയാനില്ല.

മി. സ്പീക്കർ : നോട്ടീസ് പരിശോധിച്ചിട്ട് പറയാം.

LIBRARY ARCHIVES Kerala Legislative Assembly